(സി) കോവിഡുമായി ബന്ധപ്പെട്ട പ്രതിസന്ധി നേരിടുന്നതിനായി ട്രോണിക്സ് സെന്ററുകൾക്ക് പുതിയ ഇളവുകൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ട്രോണിക്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത പഠന കേന്ദ്രങ്ങളുടെ നിവേദനം മാനേജിംഗ് ഡയറക്ടറുടെ 13-7-2021-ലെ RX/CT-1/108/1/2021-22 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

ഫോം മാറ്റിംഗ്സ് - ഇ.ആർ.പി. സംവിധാനം

127(141) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നത് പൂർണ്ണമായും പരാജയപ്പെട്ടതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ തിരുത്തൽ നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ചവരുത്തി എന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ കയർ വികസന വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽനിന്നും വിശദീകരണം തേടിയിരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്നതിനായി ഒരു ഏജൻസിക്ക് ചുമതല നൽകിയിരുന്നു. എന്നാൽ കമ്പനിക്ക് ആവശ്യമായ രീതിയിൽ പദ്ധതി നടപ്പാക്കുന്നതിൽ ടി സ്ഥാപനത്തിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ടവർക്കെതിരെ കമ്പനി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ സ്ഥാപനങ്ങളുടെ ആസ്തി

128(142) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും 2003-ൽ പ്രവർത്തനം അവസാനിപ്പിച്ചതുമായ കെൽട്രോൺ പവ്വർഡിവൈസസ്, കെൽട്രോൺ റെക്ടിഫയേർസ് എന്നീ സ്ഥാപനങ്ങളുടെ നശിച്ചുകൊണ്ടിരിക്കുന്ന ആസ്തിയും ഭൂമിയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2003-ൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവ്വർ ഡിവൈസസ്, കെൽട്രോൺ റെക്ടിഫയേർസ് എന്നീ സ്ഥാപനങ്ങൾ ലിക്വിഡേഷൻ നടപടികൾ നേരിടുന്നുണ്ട്. ബഹു. ഹൈക്കോടതിയിലുള്ള ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിച്ച് കെൽട്രോണിന് ഭൂമി തിരികെ വേണമെന്ന ആവശ്യം പരിഗണനയിലാണ്. മേൽ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 100 MW സോളാർ പാനൽ മാനുഫാക്ചറിംഗ് യൂണിറ്റ് തുടങ്ങുന്നതിനായിട്ടുള്ള പ്രോജക്ടും ഇതിനോടൊപ്പമുള്ള റിവൈവൽ പ്രൊപ്പോസലിനായുള്ള സ്കീമും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുമാണ്.

(ബി) ഈ സ്ഥാപനങ്ങളുടെ ആസ്തി ബാദ്ധ്യതകളുടെ കണക്ക് ലഭ്യമാക്കാമോ?

സ്ഥാപനത്തിന്റെ ആസ്തി തൃശ്ശൂർ മുളങ്കുന്നത്തുകാവിലുള്ള 12.19 ഏക്കർ വസ്തുവും കെട്ടിടങ്ങളുമാണ്. കമ്പനിയുടെ പൂർവ ഡയറക്ടർമാർ ഒഫീഷ്യൽ ലിക്വിഡേറ്റർക്ക് 2006-ൽ നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ഓഫ് അഫയേർസിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുപ്രകാരം ഏകദേശ ബാദ്ധ്യത 44.13 കോടി രൂപയാണ്. (കെൽട്രോൺ റെക്ടിഫയേർസ് - 15.68 കോടി രൂപയും കെൽട്രോൺ പവർ ഡിവൈസസ്- 28.45 കോടി രൂപയുമാണ്).

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇ-ഗവേണൻസ് സംരംഭങ്ങൾ

129(143) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കുന്നതിനുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ.ആർ.പി. (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) നടപ്പിലാക്കുന്നതിനെ ദോഷകരമായി ബാധിച്ചതായുള്ള സി. ആൻഡ് എ. ജി.-യുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തിരുത്തൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിനുകീഴിലുള്ള കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്